Vol. 03
Issue No. 11
NOVEMBER 2015

# PARISH BULLETIN

## ST. THOMAS ORTHODOX CATHEDRAL - DUBAI



# പെരുന്നാൾ ആശംസകൾ

for private circulation only

P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae
www.stthomascathedraldubai.org



**Fr. Lany Chacko**
Asst. Vicar

The Ecclesiastical New Year is the day that brings to a close the past year's liturgical cycle and opens the door to a new one. It is a reminder that we are continually immersed in the perpetual cycle of feasts and fasts, a cycle that draws us ever closer to the Kingdom of God. Of course, in the eyes of God, today is the same as yesterday or tomorrow, for He is the Creator of time, but chronological time is still necessary for us, His creatures, so we have adapted our lives according to the seasons and cycle of His Creation.

According to our liturgical calendar, October 30th or 31st or 1st Sunday in November marks the beginning of our liturgical year (Ecclesiastical New Year). We have special name for this Sunday: "koodos eetho" which means "sanctification of the church".

Sanctification of the Church is a very personal experience of every individual of the Church. This can only become a personal experience only if there is a thorough examination of the depths of our very existence. It is precisely lack of introspection that leads us into a comfortable oblivion of the true calling in our lives, as the members of the Body of Christ and as the sons and daughters of the God most High. The true experience of the presence of Christ reveals the areas that require catharsis or cleansing in our lives. This can never be a onetime experience neither can it be a 'once in a while thing'. A continuous life in Christ not only separates the weeds of our souls but also sows and irrigates the virtues that lead one from glory to greater glory.

Thus the beginning of the new ecclesiastical year and the life of our Holy Orthodox Church is a living theology that communicates the reality that Christ is truly in our midst here and now. The cycle of feasts and fasts, worship, readings from the Holy Scripture, the commemoration of saints and martyrs, are a vital part of our spiritual journey. In the annual commemorations of our Orthodox Faith, we are connected to events and revelations in time and history that offer truth and meaning to our lives. Thus our commemoration of the beginning of the ecclesiastical year must be more than a formality or a ceremony.

It is equally important to reflect on how we choose to live our lives as children of God, because in our daily life we meet make many decisions, both large and small, that will affect our futures. This is not something that we can put off for another day, or just hope will happen. Each day we have the opportunity to reflect on our past, contemplate the present, and move forward into the future in faith and hope toward the restoration of all of the created order and the fulfillment of life in eternal communion with God.
Our relationship to God is of ultimate importance, and that relationship can be deepened and strengthened, if we are willing, with prayer, fasting, study of Scripture, attending services and availing ourselves of all the tools for

our spiritual journey provided by our Holy Orthodox Church.
At this beginning of the Church's liturgical year, let us all rededicate ourselves and each other to Christ our God. Let us be constant in prayer, in liturgical worship, and in every good work. Let us cheerfully and joyously dedicate the time, talents financial resources given to us to the building up of Christ's Body, His Church, and of His Kingdom as good stewards of God's gifts.
With Prayers and Love

# പരി. മോറാൻ മാർ ബസേലിയോസ് മാത്യൂസ് I

കോട്ടയം വടക്കൻ മണ്ണൂർ കുര്യൻ കത്തനാർ-മറിയാമ്മ ദമ്പതിമാരുടെ പുത്രനായി 1907 മാർച്ച് 7 ന് ജനിച്ചു. 1951 മെയ് 15 ന് എം.ഡി അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1953 മെയ് 15 ന് അത്താനാസ്യോസ് എന്ന പേരിൽ എപ്പിസ്കോപ്പയായി വാഴിച്ചു, 1959 ജൂലൈ 12 ന് മെത്രാപ്പോലിത്തയായി. 1960 ബാഹ്യകേരള ഭദ്രാസനാധിപനായി. 1970 ഡിസംബർ 31 ന് എം.ഡി അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു. 1975 സെപ്റ്റംബർ 24 മലങ്കര മെത്രാപ്പോലിത്തയായി വാഴിച്ചു. 1977 ഏപ്രിൽ 1 ന് കോട്ടയം പഴയ സെമിനാരിയിലും, 1988 മാർച്ച് 25 ന് ദേവലോകത്ത് വി. മൂറോൻ കൂദാശകൾ നിർവഹിച്ചു.
1978 മെയ് 15 ന് അഞ്ച് പേരെയും, 1985 മെയ് 15 ന് 5 പേരെയും മേല്പട്ടക്കാരായി വാഴിച്ചു. ഒന്നും രണ്ടും കാതോലിക്കാമാരുടെ കബറിടങ്ങൾ ആധുനിക രീതിയിൽ നിർമിച്ചു. അൽവാറിസ് മാർ യൂലിയോസിന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ടെത്തി അവ സമാഹരിച്ച് കബർ ഗോവാ പള്ളിയിൽ ക്രമീകരിച്ചു. റഷ്യൻ പാത്രിയർക്കീസ് "ദി ഓർഡർ ഓഫ് സെന്റ് വ്ളാഡിമിർ" റഷ്യയിലെ ലെനിൻ ഗ്രാഡ് തിയോളജിക്കൽ സെമിനാരി അക്കാദമി ഫെലോഷിപ്പ്, ജോർജ്ജിയൻ കാതോലിക്ക ദി ഓർഡർ ഓഫ് സെന്റ് ജോർജ്ജ്, അമേരിക്കയിലെ നോബിൾ കാനോനിയൻ ഓഫ് ദിസ്വാൻ, ഗ്രാൻഡ് പ്രിലേറ്റ്, ഗ്രാൻഡ് കോളർ എന്നീ ബഹുമതികൾ നൽകി.
കൂദാശകൾ എന്ന ഗ്രന്ഥം രചിച്ചു. സംഘാടകൻ, മികച്ച ഭരണകർത്താവ്, കാനോൻ വിദഗ്ദ്ധൻ, സെമിനാരി പ്രിൻസിപ്പൽ, അഖിലലോക സർവ്വമത സമ്മേളനത്തിന്റെ രക്ഷാധികാരി, എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ വഹിച്ചു. പുതുതായി 9 ഭദ്രാസനങ്ങൾ രൂപീകരിച്ചു.
ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുമായി ആസ്ഥാനത്ത് വച്ചും, പിന്നീട് കാതോലിക്കായുടെ കത്തീഡ്രൽ ആയ കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ചും നടന്ന സൗഹൃദ സംഭാഷണങ്ങൾ ചരിത്ര പ്രസിദ്ധമാണ്.
സഭാകവി സി.പി ചാണ്ടിയുടെ സഹായത്തോട് കൂടി പെരുന്നാൾ ശുശ്രൂഷാ ക്രമങ്ങൾ, കൂദാശാ ക്രമങ്ങൾ എന്നിവ മലയാളത്തിൽ പ്രസിദ്ധീകരിച്ചത് ആരാധനാ സാഹിത്യത്തിന് മികച്ച മുതൽകൂട്ടായി. ഹിന്ദി, ഇംഗ്ലീഷ്, തമിഴ് ആരാധനാ ക്രമങ്ങൾ സുന്നഹദോസ് അംഗീകാരത്തോട് കൂടി പ്രസിദ്ധീകരിച്ചു. ബാലികാ, ബാല സമാജങ്ങൾ ആരംഭിച്ചു. 1991 ഏപ്രിൽ 27 ന് സ്ഥാനത്യാഗം ചെയ്തു. 1996 നവംബർ 8 ന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

# ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

തൃപ്പൂണിത്തറ തടിയ്ക്കൽ പൈലി-ഏലി ദമ്പതികളുടെ പുത്രനായി 1922 ഓഗസ്റ്റ് മാസം 9-ാം തീയതി ജനിച്ചു. 1959 ജനുവരിയിൽ ശെമ്മാശനായി, 2-11-1962 ന് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ കശ്ശീശാ പട്ടം നൽകി. 1975 ഫെബ്രുവരി 16 ന് നിരണത്ത് വച്ച് ഔഗേൻ പ്രഥമൻ കാതോലിക്കാ ഇദ്ദേഹത്തെ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി വാഴിച്ച് ഡൽഹിയുടെ ചുമതല നൽകി.

തിരു-കൊച്ചി യൂണിയൻ അസോസ്യേറ്റ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം ജന. സെക്രട്ടറി, എത്യോപ്യൻ ചക്രവർത്തിയുടെ ഉപദേഷ്ടാവ്, W.C.C. യുടെ എക്യുമെനിക്കൽ വിഭാഗം ഡയറക്ടർ, വൈദിക സെമിനാരി പ്രിൻസിപ്പൽ, സുന്നഹദോസ് സെക്രട്ടറി, കേരള, സെറാമ്പൂർ സെനറ്റ് അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു.

ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, അംഹാരിക്ക്, മലയാളം എന്നീ ഭാഷകളിൽ നിരവധി പ്രബന്ധങ്ങൾ രചിച്ചു. മുപ്പതിലേറെ വിശ്വവിഖ്യാത ഗ്രന്ഥങ്ങളുടെ രചയിതാവ്, ചിന്തകൻ, പണ്ഡിതൻ, ദാർശനികൻ എന്നിങ്ങനെ തിളക്കമാർന്ന വ്യക്തിത്വം. 1988 ലെ സോവ്യറ്റ് ലാൻഡ് നെഹ്റു അവാർഡ് ഉൾപ്പടെ ഇരുപതോളം രാജ്യാന്തര അവാർഡുകളും, ഒട്ടേറെ ബഹുമതികളും ലഭിച്ചു. പ്രമുഖ പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞൻ, റോമൻ കത്തോലിക്ക, ആംഗ്ലിക്കൻ സഭകളുമായുള്ള ബന്ധത്തിൽ മലങ്കര സഭയുടെ വിശ്വാസത്തിലും, ആചാരാനുഷ്ഠാനങ്ങളിലും വന്ന പൗരസ്ത്യ ഓർത്തഡോക്സിക്ക് നിരക്കാത്തവയെ വിവേചിച്ചറിയുവാനും വി. കൂദാശകളേയും വ്യാഖ്യാനിക്കുവാനും കഴിഞ്ഞു.

ഡൽഹി ഭദ്രാസന ആസ്ഥാനത്ത് വച്ച് 1996 നവംബർ 24 ന് കാലം ചെയ്തു. കോട്ടയം വൈദിക സെമിനാരിയിൽ കബറടക്കി.

# ജോബ് മാർ പീലക്സിനോസ്

1939 മെയ് 8 ന് തിരുവല്ല മേപ്രാലിൽ ജനിച്ചു. പത്തനാപുരം താബോർ ദയറ അംഗം. 1972 ൽ വൈദികനായി. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ അദ്ധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു.

1991 ഏപ്രിൽ 30 ന് പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ പരുമല സെമിനാരിയിൽ വച്ച് മേല്പട്ടക്കാരനായി അഭിഷേകം ചെയ്തു. ഡൽഹിയുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ടു. 1996 ൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് കാലം ചെയ്തതിനെ തുടർന്ന് ഡൽഹി ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതല വഹിച്ചു.

ഡൽഹി ഭദ്രാസന മേധാവി പദവിയിലിരുന്ന് ഓർത്തഡോക്സ് ക്രിസ്ത്യൻ മെഡിക്കൽ ഫെലോഷിപ്പ്, ശാന്തിഗ്രാം മിഷൻ, അരാവല്ലി റിട്രീറ്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണം ഉൾപ്പെടെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

2011 നവംബർ 20 ന് കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ കബറടക്കി.

# ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്

കോട്ടയത്തിനടുത്ത് പാത്താമുട്ടം കയ്യാലാത്തു ചാക്കോ കുര്യന്റെയും-മറിയാമ്മയുടെയും പുത്രനായി 1924 ഒക്ടോബർ 2-ാം തീയതി ജനിച്ചു. ജബൽപ്പൂർ സി.എ. ജയിൻ കോളേജിൽ നിന്ന് ബി.എ. ബിരുദവും, ജബൽപ്പൂർ മഹാകേശ്വാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ. യും കരസ്ഥമാക്കി.

1946 ൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽ നിന്നും ശെമ്മാശപട്ടവും, 1947 ൽ വൈദിക പട്ടവും സ്വീകരിച്ചു.

പാച്ചിറ, വാകത്താനം, പള്ളം, താഴത്തങ്ങാടി, ജബൽപ്പൂർ, ദാദർ, മലയാ, സിങ്കപ്പൂർ, ബഹറിൻ, ദോഹ, അബുദാബി, ദുബായ്, ഭിലായ് എന്നിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 1974 ഒക്ടോബർ 2 ന് നിരണത്ത് കൂടിയ മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മേല്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1975 ഫെബ്രുവരി 16 ന് നിരണത്ത് വച്ച് നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ സ്തേഫാനോസ് മാർ തേവോദോസ്യോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലിത്തയായി വാഴിച്ചു. 1976 മുതൽ 1976 വരെ മദ്രാസ് ഭദ്രാസനാധിപനായും, 1979 മുതൽ കൽക്ക ട്ട ഭദ്രാസനാധിപനായും നിയമിതനായി.

ഭിലായ് സെന്റ് തോമസ് മിഷൻ ഡയറക്ടർ, ഭിലായ് സെന്റ് തോമസ് കോളേജിന്റെയും ഭദ്രാസനത്തിലെ എല്ലാ വിദ്യാഭാസ സ്ഥാപനങ്ങളുടെയും മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഉത്തരേന്ത്യൻ മേഖലകളിലെ ആദ്യത്തെ ഗ്രാമീണ മിഷൻ പ്രവർത്തനത്തിന് അടിത്തറയിട്ട തിരുമേനി, മക്കാഡിയൻ മിഷൻ, ഭിലായ് മിഷൻ സെന്റർ, ആശ്രമം, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്ക് നേതൃത്വം നൽകി. സഭയുടെ ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കും സഭാവികസനത്തിനും നൽകിയ മികച്ച സേവനം പ്രശംസനീയമാണ്. 2007 നവംബർ 8 ന് മസ്കറ്റിൽ വച്ച് കാലം ചെയ്തു. ഭിലായ് സെന്റ് തോമസ് ആശ്രമ ത്തിൽ കബറടക്കി. ഉത്തരേന്ത്യൻ മണ്ണിനേയും, മനുഷ്യനേയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത പ്രവാസികളുടെ ഇടയൻ കേരളത്തിന് വെളിയിൽ കബറടക്കപ്പെടുന്ന മലയാളിയായ മലങ്കര സഭയിലെ ആദ്യ മെത്രാപ്പോലിത്തയായി.

# ഗീവർഗീസ് മാർ ഗ്രീഗോറിയോസ്
## (പരി. പരുമല തിരുമേനി)

മുളന്തുരുത്തി പള്ളത്തിട്ട ചാത്തുരുത്തിൽ കൊച്ചുമത്തായി-മറിയ ദമ്പതികളുടെ മകൻ, ജനനം 15-6-1848. ആശാൻ ഓണക്കാവിൽ അയ്യാ, മാണി എന്നിവരിൽ നിന്നും പിതൃവൻ പള്ളത്തിട്ട ഗീവർഗീസ് മല്പാനിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസവും സുറിയാനി ഭാഷാജ്ഞാനവും നേടി. കൊച്ചയ്പോര എന്നായിരുന്നു പേർ. 1857 ൽ സ്ലീബാ പെരുന്നാളിന് കരിങ്ങാശ്ര പള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിൽ നിന്ന് കോറൂയോ സ്ഥാനം സ്വീകരിച്ചു. കോനാട്ട് യോഹന്നാൻ മല്പാൻ, യുയാക്കിം കൂറിലോസ് എന്നിവരിൽ നിന്ന് ഉപരിവിദ്യ നേടി. 1861 ൽ ശെമ്മാശുസ്ഥാനവും 1865 ൽ കശ്ശീശാ

കോറി സ്ഥാനങ്ങളും യുയാക്കിം കൂറിലോസ് നൽകി. 1872 ഏപ്രിൽ 7 ന് ഗുരുവായ പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് ദ്വിതീയൻ മുളന്തുരുത്തിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി. താൻ സ്ഥാപിച്ച വെട്ടിക്കൽ ദയറായുടെ അധിപനായി നിയമിച്ചു. 1875 ൽ വന്ന പത്രോസ് തൃതീയൻ പരുമല സെമിനാരി മല്പാനായ റമ്പാനെ ദ്വിഭാഷിയാക്കി. 10-12-1876 ന് വടക്കൻ പറവൂർ പള്ളിയിൽ വച്ച് ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലിത്ത ആക്കി നിരണത്തിന്റെ ചുമതല നൽകി. മലങ്കര മെത്രാന്റെ വിശ്വസ്ത അനുയായി ആയി പരുമലയിൽ താമസിച്ചു. പരുമല അസോസ്യേഷൻ, മുളന്തുരുത്തി സുന്നഹദോസ്, മൂറോൻ കൂദാശ, മെത്രാൻ വാഴ്ച എന്നിവയിൽ പങ്കെടുത്തു. സിലോണിൽ വച്ച് 1892 ഇടവം 14 ന് റിനി വിലാത്തി തീമോത്തിയോസിനെ മെത്രാനാക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു. ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. 1902 നവംബർ 2 ന് 54-ാം വയസ്സിൽ കൊച്ചുതിരുമേനി കാലം ചെയ്തു. പരുമലയിൽ കബറടക്കി. 1896 മകരത്തിൽ നടത്തിയ വിശുദ്ധനാട് സന്ദർശനത്തെപ്പറ്റി ഊർശ്ലേം യാത്രാവിവരണം എന്ന യാത്രാവിവരണ ഗ്രന്ഥമെഴുതി. മലയാള ഭാഷയിലെ ലക്ഷണമൊത്ത പ്രഥമ യാത്രാവിവരണ ഗ്രന്ഥമാണിത്. 1947 നവംബർ 2 ന് അദ്ദേഹത്തെ പരിശുദ്ധനായി സിനഡ് പ്രഖ്യാപിച്ചു.

# കടവിൽ പൗലോസ് മാർ അത്താനാസ്യോസ് (1832-1907)

വടക്കൻപറവൂർ കടവിൽ കൂരൻ അവിരാ വർക്കിയുടെ മകൻ. 1832 ഡിസംബർ 2 ന് ജനനം. ചേപ്പാട്ട് മാർ ദിവന്നാസ്യോസ് 1846 ഫെബ്രുവരി 19 ന് ശെമ്മാശുപട്ടവും യുയാക്കിം മാർ കൂറിലോസ് 1854 ജനുവരി 18 ന് കശ്ശീശാപട്ടവും നൽകി. പിന്നീട് കോട്ടയം പഴയസെമിനാരിയിൽ ദീർഘകാലം മല്പാൻ ആയിരുന്നു. 1876 ഡിസംബർ 3 ന് വടക്കൻ പറവൂർ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ പാത്രിയർക്കീസ് മെത്രാപ്പോലിത്ത ആയി വാഴിച്ച് കോട്ടയത്തിന്റെ ചുമതല നൽകി. 1891 മാർച്ച് മുതൽ അങ്കമാലിയുടെ ചുമതലയും ലഭിച്ചു. 1907 ൽ ആലുവാ തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ചു.

1889 ജൂലൈ 29 ന് പഴയസെമിനാരിയിൽ വെച്ച് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് എന്നിരോടൊപ്പം റീനി വിലാത്തി മാർ തിമോഥേയോസിന്റെ മെത്രാൻ വാഴ്ചയിൽ സഹകാർമ്മികനായി.

മക്കബിയർ, രൂത്ത്, രൂബിത്ത്, മസുമൂർ എന്നീ വേദപുസ്തക ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് II മലങ്കര മെത്രാപ്പോലിത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിക്കമ്മറ്റിയുടെ അധ്യക്ഷൻ ആയിരുന്നു.

1907 നവംബർ 2 ന് കാലം ചെയ്തു. പൗലോസ് മാർ ഈവാനിയോസിന്റെ (പിന്നീട് പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക) മുഖ്യ കാർമ്മികത്വത്തിൽ നവംബർ 3 ന് ആലുവാ തൃക്കുന്നത്ത് സെമിനാരി സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

# പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമൻ (1740-1816)

പാലൂർ ചാട്ടുകുളങ്ങര ആർത്താറ്റ് ഇടവകയിൽ കുന്നംകുളം പുലിക്കോട്ടിൽ ചുമ്മാർ-ഏലിശ്ബാ ദമ്പതികളുടെ പുത്രൻ. 1740 നവംബർ 25 ന് ജനിച്ചു. ഇട്ടൂപ്പ് എന്ന് വിളിക്കപ്പെട്ടു. കുന്നംകുളം തെക്കേക്കര പൈലപ്പൻ ആശാൻ, കാണിപ്പയ്യൂർ നമ്പൂതിരി എന്നിവരിൽ നിന്ന് സാമാന്യ വിജ്ഞാനവും തച്ചു ശാസ്ത്രവിദ്യയും പരിശീലിച്ച ഇട്ടൂപ്പ് പഴഞ്ഞി പള്ളിയിലെ മല്പാൻ പള്ളിക്കൂടത്തിൽ സുറിയാനി അഭ്യസിച്ചു. വൈദികപഠനകാലത്ത് കുർബ്ബാന ക്രമവും സങ്കീർത്തനപുസ്തകവും സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തി. 1751 ൽ മലങ്കരയിലെത്തി കുന്നംകുളം ചിറളയം പള്ളിയിൽ താമസമാക്കിയ ശാക്രള്ള മഫ്രിയാന ഇട്ടൂപ്പിന് ശെമ്മശുപട്ടം നൽകി. മുളന്തുരുത്തിയിലെ മല്പാൻ പള്ളിക്കൂടത്തിൽ ഉപരിപഠനങ്ങൾ പരിശീലിച്ചു. ശാക്രള്ള മഫ്രിയാനയിൽ നിന്ന് കശ്ശീശാ സ്ഥാനമേറ്റ നവവൈദികൻ കുന്നംകുളം ചറളയം പള്ളിയിൽ ഒരു മല്പാൻ പാഠശാല ക്രമീകരിച്ച് വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചു. അങ്ങനെ ഇട്ടൂപ്പ് മല്പാനായി. കാട്ടുമങ്ങാട്ട് കൂറിലോസ് തിരു-കൊച്ചിയിൽ നിന്ന് നാടുകടത്തപ്പെട്ടപ്പോൾ മല്പാൻ ആ സംഘത്തെ കൂട്ടിക്കൊണ്ടുവന്ന് ആദ്യം കുന്നംകുളത്തും പിന്നീട് തൊഴിയൂരിലും അഭയം കൊടുത്തു. തൊഴിയൂർ പള്ളിയും നാലുകെട്ട് മാതൃകയിൽ ആസ്ഥാനവും 1774 ൽ മല്പാൻ പണിയിച്ചു. 1789 ൽ ടിപ്പു സുൽത്താൻ ആർത്താറ്റ് പാലൂർ ദേവാലയം അഗ്നിക്കിരയാക്കി. ആളുകളെ മതം മാറ്റത്തിന് നിർബന്ധിച്ചു. വഴങ്ങാത്തവരെ ആർത്താറ്റ് വൃക്ഷശിഖ രങ്ങളിൽ തൂക്കിക്കൊന്നു. ആർത്താറ്റ് നിന്ന് സമീപ പ്രദേശങ്ങളിലേക്ക് സുറിയാനി ക്രിസ്ത്യാനികൾ ചിതറിയോടി. മല്പാൻ അവരെ ധൈര്യപ്പെടുത്തി കുന്നംകുളത്തും പഴഞ്ഞിയിലും യഹൂദ മാതൃകയിൽ നഗരവും അങ്ങാടിയും സംവിധാനം ചെയ്ത് അവിടെ പാർപ്പി ക്കുകയും രണ്ടിടത്തും ഉണ്ടായിരുന്ന പള്ളികൾ പുനർനിർമ്മിക്കുകയും ചെ യ്തു. 1800 ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ, തന്നെ ശിഷ്യസമേതം സന്ദർശിച്ച മല്പാനെ കുറിച്ചെഴുതിയിട്ടുണ്ട്. വലിയങ്ങാടിയിൽ പടിഞ്ഞാറും തെക്കും ഉണ്ടായിരുന്ന അന്തിമാളൻ കാവുകൾ മണക്കുളം രാജാവും കൊച്ചിയുടെ ശക്തൻതമ്പുരാനും സുറിയാനിക്കാർക്ക് നൽകിയത് മല്പാൻ സ്വീകരിച്ച് ആരാധനാ സൗകര്യമൊരുക്കി. മേല്ക്കൂര കത്തി വർഷങ്ങളോളം തർക്കത്തിലിരുന്ന ആർത്താറ്റ് പള്ളി ശക്തൻതമ്പുരാന്റെ സഹായത്തോടെ നറുക്കെടുപ്പിലൂടെ വീണ്ടെടുക്കുകയും പള്ളി പുനർനിർമ്മാണം ചെയ്ത് ആരാധനായോഗ്യമാക്കുകയും ചെയ്തു.

സ്വാതന്ത്ര്യ പ്രേമിയായ മല്പാൻ ആർത്താറ്റ് പടിയോല എന്ന സഭാസ്വാതന്ത്ര്യത്തിന്റെ മാഗ്നാക്കാർട്ട ചെമ്പുതകിടിൽ വട്ടെഴുത്തിൽ എഴുതിച്ച് 1806 ൽ ആറാം മാർത്തോമ്മായ്ക്കും ശക്തൻ തമ്പുരാനും നല്കി. ഡോ. ക്ലോഡിയസ് ബുക്കാനന്റെ ആഗ്രഹപ്രകാരം മല്പാനും കായംകുളത്ത് പീലിപ്പോസ് റമ്പാനും ചേർന്ന് സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്ത മലയാളം ബൈബിൾ പ്രസിദ്ധീകരണത്തിന് തയ്യാറാക്കി. ഇതിൽ പ്രീതനായ ബുക്കാനൻ ആർത്താറ്റ്

പള്ളിയിൽ ഒരു വലിയ സ്വർണ്ണ പത്താക്ക് സമ്മാനമായി സമർപ്പിച്ചു. 7-ാം മാർത്തോമ്മയുടെ കാലശേഷം 1809 ൽ കണ്ടനാട് സുന്നഹദോസ് അംഗീകരിക്കുകയും അദ്ദേഹത്തെ 8-ാം മാർത്തോമ്മായുടെ രണ്ട് ഉപദേശകരിലൊരാളായി നിയമിച്ചു. 1809 ചിങ്ങം 15 ന് മല്പാൻ 8-ാം മാർത്തോമ്മായിൽ നിന്ന് കണ്ടനാട് തീരുമാനപ്രകാരം സ്ഥാനമേറ്റു.

ബ്രിട്ടീഷ് റസിഡണ്ടും തിരുവിതാംകൂർ റാണിയുമായി സൗഹൃദം നേടിയ റമ്പാൻ അവരുടെ സഹായത്തോടെ കോട്ടയത്ത് നലുകെട്ടിന്റെ മാതൃകയിൽ വൈദിക സെമിനാറി നിർമ്മിക്കുകയും 1815 ൽ 25 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. റമ്പാൻ, സ്ഥാപക പ്രിൻസിപ്പൽ ആയി. റവ. തോമസ് നോർട്ടനെ അധ്യാപകനായി നിയമിച്ചു. സെമിനാരിപ്പണിക്ക് വട്ടിപ്പണത്തിന്റെ പലിശ സർക്കാർ റമ്പാന് നൽകിയിരുന്നു. ഇതിന്റെ സാങ്കേതിക തടസം പരിഹരിക്കുവാൻ റമ്പാൻ തന്റെ ആത്മമാതാവായ പഴഞ്ഞപ്പള്ളിയിൽ വച്ച് തൊഴിയൂരിന്റെ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സിനോസിൽ നിന്ന് 1815 മാർച്ച് 21 ന് മാർ ദിവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മലങ്കര മെത്രാപ്പോലിത്ത ആയി. 1816 ജനുവരി 10 ന് അദ്ദേഹത്തിന് അനുകൂലമായി തിരുവിതാംകൂർ കൊച്ചി രാജാക്കന്മാർ രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. 8-ാം മാർത്തോമ്മ അധികാരത്തിൽ നിന്ന് ബഹിഷ്കൃതനായി. പുലിക്കോട്ടിൽ മെത്രാപ്പോലിത്താ കോട്ടയം പഴയസെമിനാരിയെ വൈദിക പരിശീലന കേന്ദ്രത്തോടൊപ്പം മലങ്കര മെത്രാപ്പോലിത്തായുടെ ഔദ്യോഗിക ആസ്ഥാനവും, സഭയുടെ സെക്രട്ടറിയേറ്റും ആക്കിത്തീർത്തു. സെമിനാരിയുടെ ഭരണത്തിനും കൈവശത്തിനും കേണൽ മൺറോയുടെ സഹായത്തോടെ ശ്രമിച്ച മിഷണറിമാർ നിരാശരായി. ബൈബിൾ 1811 ൽ ബോംബെ കൊറിയർ പ്രസിൽ അച്ചടിച്ചത് ബുക്കാനൻ അയച്ചത് മെത്രാപ്പോലിത്ത എല്ലാ പള്ളികൾക്കുമായി വിതരണം ചെയ്തു. ബൈബിൾ പഴയനിയമം മുഴുവൻ മിഷണറിമാരുടെ ആഗ്രഹപ്രകാരം അദ്ദേഹം വിവർത്തനം ചെയ്തുവെങ്കിലും അത് ഭാഷാശുദ്ധി പോരെന്ന കാരണത്താൽ അച്ചടിക്കപ്പെട്ടില്ല.. അദ്ദേഹം ആരംഭിച്ച ചാപ്പൽ നിർമ്മാണം അദ്ദേഹത്തിന് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. 8-ാം മാർത്തോമ്മ അനധികൃതമായി നിയമിച്ച ഒമ്പതാം മാർത്തോമ്മായെ സ്ഥാനഭ്രഷ്ടനാക്കി സ്ഥാനചിഹ്നങ്ങൾ ഏറ്റുവാങ്ങി. ഹൈന്ദവ ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾക്കും മറ്റും സൗജന്യമായി ഊഴിയവേല ചെയ്യുവാനുള്ള ബാധ്യതയിൽ നിന്ന് നിയമം മൂലം സുറിയാനിക്കാർ ഒഴിവാക്കപ്പെട്ടതും ഞായറാഴ്ച ഒഴിവുദിവസമായി പ്രഖ്യാപിക്കപ്പെട്ടതും, സർക്കാർ ഓഫീസുകളിൽ ആദ്യമായി ക്രിസ്ത്യാനികൾക്ക് നിയമനം ലഭിച്ചതും 1816 ൽ എല്ലാ സിവിൽ കോടതികളിലും ഓരോ ക്രിസ്ത്യൻ ജഡ്ജിയെ നിയമിക്കുവാൻ ഭരണപരിഷ്കാരമേർപ്പെടുത്തിയതും പുലിക്കോട്ടിൽ മെത്രാപ്പോലിത്ത സർക്കാരിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായിട്ടാണ്. 1813 ൽ ക്രിസ്ത്യാനികളുടെ സ്ഥിതിയെക്കുറിച്ചന്വേഷിക്കുവാൻ നിയമിതനായ കമ്മീഷന്റെ ശുപാർശയെത്തുടർന്ന് അന്നുണ്ടായിരുന്ന 52 പള്ളികളോടും ചേർത്ത് ഓരോ സ്കൂൾ ആരംഭിക്കുവാൻ ഉത്തരവുണ്ടായതും ശ്രദ്ധേയമാണ്. സന്യാസവ്രതാനുഷ്ഠാനങ്ങളിൽ അന്ത്യം വരെയും സത്യസന്ധത പുലർത്തിയ ഇദ്ദേഹം 1816 ൽ തന്റെ വികാരി ജനറൽ ആയി പുന്നത്ര ജോർജ് കത്തനാരെ നിയമിച്ചു. ഈ പിതാവ് 1816 നവംബർ 24 ന് കാലം ചെയ്തു. 25 ന് കോട്ടയം പഴയ സെമിനാരി ചാപ്പലിൽ കബറടക്കി.

# നവംബർ-പ്രധാന ദിവസങ്ങൾ

1. കൂദോശ് ഈത്തോ ഞായറാഴ്ച (വി. സഭയുടെ ശുദ്ധീകരണം) സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ. മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 5–ാം സ്ഥാനാരോഹണവാർഷികം
2. വിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമലതിരുമേനി) 113–ാം ഓർമ്മ (പരുമലപള്ളി), കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 108–ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 8–ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം)
6. വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 49–ാം ഓർമ്മ ആലുവാ തൃക്കുന്നത്തു സെമിനാരി)
8. ഹൂദോസ് ഈത്തോ ഞായറാഴ്ച (വി. സഭയുടെ പ്രതിഷ്ഠ) മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 19–ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന)
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ
15. സഖറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച
20. ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 4–ാം ഓർമ്മ (പത്തനാപുരം താബോർ ദയറ)
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
22. വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച
24. പഴയസെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് II മെത്രാപ്പോലീത്താ യുടെ 199–ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ യുടെ 19–ാം ഓർമ്മയും (കോട്ടയം പഴയസെ മിനാരി)
28. മാർ യാക്കോബ് ബുർദ്ദാന, മാർ ദിവന്നാസ്യോസ് ബർസ്ലീബി എന്നിവരുടെ ഓർമ്മ
29. ഏലിശുായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച (വനിതാ ദിനം), സ്രൂഗിലെ മാർ യാക്കോിന്റെ ഓർമ്മ
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ

## SUNDAY SCHOOL

REGULAR CLASSES

## ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

REGULAR MEETING

**Divyabodhanam Class** - Every Monday 8 pm to 9.30 pm (To increase general awareness of the Bible, Church History & Basic Believes of the Malankara Orthodox Sabha.)
More Informations Contact: Biju Thankachan - 050-7387846

**OCYM Job Cell** - Highly active Job Cell that matches job seekers with employers from a wide range of sectors.
More Informations Contact: Manoj Thomas - 050-8829454

**Library** - Library opens every Friday after the holy mass. Morethan 10,000 collection of books in various topics. Especially the books available for children. Library membership will be available for all the church members.
Contact Mr. Abraham - 0552956071
Email : ocymdubai@gmail.com Website: www.stthomasocymdubai.org
Job Cell : jobcellocymdubai@gmail.com

## MGOCSM

Regular Meeting

## MOMS

REGULAR MEETING, MEDICAL CHECK-UP, VANITHA DINAM-27/11/2015

"നീതിമാന്റെ ഓർമ്മ വാഴ്‌വിനായ് തീരട്ടെ"

# സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ദുബായ്



## പരിശുദ്ധ പരുമല തിരുമേനിയുടെ 113-ാം മത് ഓർമ്മപ്പെരുന്നാൾ

കർത്താവിൽ പ്രിയരെ,

മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 113–ാം ഓർമ്മ പെരുന്നാൾ ഇടവകയിൽ ഒക്ടോബർ 31, നവംബർ 1 തീയതികളിൽ കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ഏവരും നേർച്ച കാഴ്ചകളോടെ വന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് താത്പര്യപ്പെടുന്നു.

| ഇടവക വികാരി | അസി. വികാരി | ഇടവക സെക്രട്ടറി |
|---|---|---|
| റവ. ഫാ. ഷാജി മാത്യൂസ് | റവ. ഫാ. ലെനി ചാക്കോ | ശ്രീ. തോമസ് ജോസഫ് |

### കാര്യപരിപാടികൾ

**31 / 10 / 2015 ശനി**

06 : 30 PM
- സന്ധ്യാ നമസ്ക്കാരം
- വചന ശുശ്രൂഷ
- ഭക്തിനിർഭരമായ റാസ
- ആശിർവാദം

**01 / 11 / 2015 ഞായർ**

06 : 30 PM
- സന്ധ്യാ നമസ്ക്കാരം
- വി. കുർബ്ബാന
- ആശിർവാദം
- നേർച്ച വിളമ്പ്

31–ാം തീയതി 6:00 pm ന് പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് വിവിധ ഏരിയകളിൽ നിന്നും ഇടവകയിലേക്ക് വരുന്ന തീർത്ഥാടകർക്ക് സ്വീകരണം

നേർച്ച വിളമ്പിന് ആവശ്യമായ നേർച്ച അപ്പം എല്ലാ ഭവനങ്ങളിൽ നിന്നും കൊണ്ടുവരണമെന്ന് താത്പര്യപ്പെടുന്നു.


അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം യു.എ.ഇ. സോൺ



യൂത്ത് ഫെസ്റ്റ് 2015


അക്ഷരജ്യോതി 2015

## HOLY SERVICES, PRAYERS & MEETINGS

| | | |
|---|---|---|
| Fridays | : 06.45 am - 07.25 am | Night Prayer, Morning Prayer |
| | : 08.15 am - 10.30 am | Holy Qurbana |
| Fridays | : 07.00 pm - 07.30 pm | Evening Prayer |
| | : 07.30 pm - 09.00 pm | Holy Qurbana |
| Sundays | : 07.30 pm - 08.00 pm | Evening Prayer |
| | : 08.00 pm - 09.30 pm | Holy Qurbana |
| Tuesdays | : 05.30 am - 07.00 am | Holy Qurbana |
| Wednesdays | : 07.30 pm - 08.30 pm | Evening Prayer & Intercessory Prayer for St. Mary |
| Saturday, Monday, Tuesday | : 07.00 pm - 07.30 pm | Evening Prayer |
| Thursdays | : 07.00 pm - 09.15 pm | Holy Confession, Evening Prayer<br>Intercessory prayer to St. Thomas<br>Church Prayer Meeting & Choir Practice |
| Marth Mariam Samajam | : 11.00 am - 12.20 pm | All Fridays |
| M.G.O.C.S.M | : 11.00 am - 12.20 pm | All Fridays |
| Youth Movement | : 11.00 am - 12.20 pm | All Fridays |
| Retreat | : 09.00 am - 12.30 pm | Every Month Second Wednesdays |

## New Members Joined In OCTOBER 2015

| Cardex | Name | Parish |
|---|---|---|
| A 389 | ABISON K V EAPEN | PARIYARAM MAR APREM ORTHODOX CHURCH,THOTTAKAD |
| A 390 | ABRAHAM JACOB | ST. JOHNS ORTHODOX CHURCH,CHEMANMUKHOM, RANNI |
| A 391 | ABY SAM | ST. PETERS AND ST PAULS ORTHODOX CHURCH, PARAKODE P.O. |
| C 132 | CHARLY JOY | ST. GEORGE ORTHODOX CHURCH,THENMALA |
| J 672 | JOSEPH SCARIA | ST. GEORGE ORTHODOX CHURCH, ELAMPAL |
| J 673 | RAIJO JAMES | KOTTAYAM CHERIAPALLY ORTHODOX CHURCH |
| J 674 | JOHN T VARGHESE | ST. MARYS ORTHODOX CATHEDRAL, THUMPAMON |
| J 675 | JINESH MATHAI | ST. THOMAS ORTHODOX CATHEDRAL, KADAMBANAD |
| L 083 | LIZY HANLEY | ST. GEORGE ORTHODOX CHURCH OONUKAL, OMALLOOR, PT A |
| N 042 | NIBU ABRAHAM MATHEW | ST. GREGORIS ORTHODOX CARHEDRAL BANGALORE |
| N 043 | NOBLE GEORGE JOHN | ST. MARYS ORTHODOX CHURCH, NIRANAM |
| R 321 | M P RAJAN | ST. THOMAS ORTHODOX CATHEDRAL, KARTHIKAPPALY |
| R 322 | RAJITH ABRAHAM | ST. THOMAS CATHEDRAL,TAMBARAM, CHENNAI |
| R 323 | RON T KURIAN | ST. GEORGE ORTHODOX CHURCH, KATTAPURAM |
| S 631 | SHINU CHACKO JOHN | ST. JOHNS ORTHODOX SYRIAN CHURCH, VADACODU |
| S 632 | SOBIN V SUNNY | MAR YACOB BURDHANA ORTHODOX SYRIAN VALIYAPALLY |
| S 633 | SHIBIN M EAPEN | ST. MARYS ORTHODOX CHURCH,KALLOOPARA |
| S 634 | SAJI VARGHESE | ST. PETERS & ST. PAULS CHURCH, FORT KOCHI |
| S 635 | SIJU P MATHEW | ST. GEORGE ORTHODOX VALIYAPALLY, KALANJOOR |
| T 311 | TOMCY JOHN | ST. PETERS & ST PAULS ORTHODOX CHURCH, KOCHI |
| V 289 | VIJO JOSE VARGHESE | ST. MARYS ZION ORTHODOX CHURCH, KOTTAYAM |
| V 290 | VARUGHESE GEORGE | ST. MARYS ORTHODOX CHURCH ,OTHRA |

# AREA PRAYER MEETING SCHEDULE FOR THE MONTH OF NOVEMBER - 2015

| DAY & DATE | WEEK | AREA | NAME | CARDEX | ADRRESS |
|---|---|---|---|---|---|
| 03-11-2015<br>TUESDAY | FIRST | AL GHUSAIS | RAJAN ABRAHAM | R-130 | Flat No 308, Nasr Loothah Building,<br>Near New Talal Super Market<br>Mobile : 050 3448185 |
| 03-11-2015<br>TUESDAY | FIRST | KARAMA | EASOW JOSEPH<br>MRS. MOLLY S. JOSEPH<br>SAJI ABRAHAM | E-006<br>M-182<br>S-226 | ST. THOMAS ORHODOX CATHEDRAL, DUBAI |
| 07-11-2015<br>SATURDAY | FIRST | AL SHAAB | PHILIP P.J. ( ROY) | P-055 | Flat 215, Al Yasmin Building,<br>Near Abu Hail Metro Station, Hor Al Anz, Dubai<br>Mobile : 050 5528517 |
| 09-11-2015<br>MONDAY | SECOND | AL NADHA | DR. SHAJI KOCHUKUTTY | S-277 | Flat No 101, Building 535<br>Opp. Park View Restaurant, Near Sulekha Hospital<br>Mobile : 050 7559224 / 055 6881585 |
| 14-11-2015<br>SATURDAY | SECOND | AL QUOZ /<br>JEBEL ALI | SHIJU GEORGE SCARIA | S-341 | Flat No.340, Aqwaf Building No.958<br>Behind Alkhail Mall, Al Quoze, Mobile : 050 9604054 |
| 14-11-2015<br>SATURDAY | SECOND | BUR DUBAI | BINU K. MATHEWS | B-327 | Flat No. 205, Al Rafa Building<br>Behind Plam Beach Hotel, Bur Dubai |
| 16-11-2015<br>MONDAY | SECOND | RASHIDIYA /<br>LULU VILLAGE /<br>MUSAISNAH | MICHAEL VARGHESE | M-094 | National Bond Building (Eat & Drink Restaurant Bldg.)<br>Flat No.603, Muhaisnah 4, Dubai<br>Mobile : 050 4523960 Res : 04 2575876 |
| 17-11-2015<br>TUESDAY | THIRD | GHUSAIS | GEORGE MATHEW | G-140 | Flat No 106, Al Emadi Building<br>Behind Sunrise Super Market<br>Mobile : 050 5349427 / 050 2806061 |
| 17-112015<br>TUESDAY | THIRD | KARAMA | JOHNSON D.Y. | J-227 | Flat No. 120, Zabeel Building<br>Near Municipality Lab/GPO, Karama<br>Mobile : 050 6540115 |
| 21-11-2015<br>SATURDAY | THIRD | SHARJAH /<br>OTHER EMIRATES | ROBIN K. THOMAS | R-238 | Flat No. 611, Kuwaiti Tower, Behind Mega Mall<br>Opp. KM Trading, Abu Shagara<br>Res. 06 5507320, Mobile : 050 4392879 / 055 3006595 |
| 21-11-2015<br>SATURDAY | THIRD | NAIF<br>YOUSUF BAKER<br>AL BARAHA | MATHEW THOMAS | M-166 | Flat No. 203, 2nd Floor, Kuwaiti Building<br>Next to Emrates Petrol Station, Naif Road, Deira<br>Res. 04 2728522, Mobile : 050 5486209 |
| 23-11-2015<br>MONDAY | FOURTH | MUHAISNAH<br>LULU VILLAGE | RIBU VARGHESE | R-187 | Samari Residence, Bldg No. 19, Flat No. 119<br>Ras Al Khor, Dubai, Mobile : 050 6945068 |
| 28-11-2015<br>SATURDAY | FOURTH | SATWA | GEORGE MATHEW (Shaji) | G-194 | Flat No. 38, Golden Fork Bldg.<br>Near Satwa R/A, Satwa |
| 28-11-2015<br>SATURDAY | FOURTH | SHARJAH-NADHA | CHARLS T. RAJU | C-111 | Flat No. 606, Al Baker Tower 3<br>Behind Ansar Mall, Al Nahda, Sharjah<br>Mobile : 055 9117422 |

**SONAPUR PRAYER MEETING - EVERY FRIDAY EVENING AT EVERHOT CAMP@17 : 00 - 19 : 00 HRS**

## CHURCH OFFICE BEARERS - 2015

| | | | |
|---|---|---|---|
| Rev. Fr. Shaji Mathews | *Vicar & President* | 052 8711031 | Frshajimathews@yahoo.co.in |
| Rev. Fr. Lany Chacko | *Asst. Vicar* | 050 8379905 | Frlanychacko@gmail.com |
| Kuriakose M.M. | *Trustee* | 050 4611948 | kuriakosechennikara@hotmail.com |
| Thomas Joseph | *Secretary* | 050 5537784 | fantasymetals@gmail.com |
| Binu Varghese | *Jt. Trustee* | 050 6749320 | binu1@hotmail.com |
| John P. George | *Jt. Secretary* | 050 6764733 | john_padippuram@yahoo.com |

Layout & Design - Reji Maramon AL HADYAH-SHJ